LIBRARY ARCHIVES Kerala Legislative Assembly

പെപ്പർ പദ്ധതി

124 (873) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പ്രദേശത്തെ ജനങ്ങളുടെ അഭിപ്രായവും പങ്കാളിത്തവും സമന്വയിപ്പിച്ചുകൊണ്ട് ആ പ്രദേശത്തെ ടൂറിസത്തിന്റെ വികസനം സാധ്യമാക്കുന്ന പെപ്പർ പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

(എ & ബി)ആദ്യഘട്ടത്തിൽ പെപ്പർ പദ്ധതി വൈക്കം താലൂക്കിലെ 8 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ആരംഭിച്ചത് (വൈക്കം മുനിസിപ്പാലിറ്റി, തലയാഴം, ഉദയനാപുരം, മറവന്തുരുത്ത്, കല്ലറ, വെച്ചൂർ, ചെമ്പ്, ടി.വി.പുരം എന്നീ പഞ്ചായത്തുകൾ). തുടർന്ന് വൈക്കം താലൂക്കിലെ 9 തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും (വെള്ളൂർ, തലയോലപ്പറമ്പ്, പെരിങ്ങാമല, കള്ളിക്കാട്, ആമ്പല്ലൂർ, കാന്തല്ലൂർ അതിരപ്പിള്ളി, പുന്നയൂർക്കുളം, കയ്പമംഗലം) പൊന്നാനി താലൂക്കിലെ പൊന്നാനി മുനിസിപ്പാലിറ്റി, നന്നംമുക്ക്, വെളിയങ്കോട്, ആലംകോട്, പെരുമ്പടപ്പ്, മാറഞ്ചേരി പഞ്ചായത്തുകൾ എന്നിവിടങ്ങളിലേയ്ക്കും പെപ്പർ പദ്ധതി വ്യാപിപ്പിച്ചു. പ്രസ്തുത പ്രദേശങ്ങളിലെല്ലാം ആദ്യഘട്ട പ്രവർത്തനങ്ങൾ (സ്പെഷ്യൽ ടൂറിസം ഗ്രാമസഭ, റിസോഴ്സ് മാപ്പിംഗ്, റിസോഴ്സ് ഡയറക്ടറി തയ്യാറാക്കൽ, സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ്) പൂർത്തിയായി. തുടർപ്രവർത്തനങ്ങൾ (വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ തയ്യാറാക്കുകയും അവയുടെ പ്രൊമോഷനും വിവിധ പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണവും അവയെ ടൂറിസം വ്യവസായവുമായി നേരിട്ടും അല്ലാതെയും ബന്ധിപ്പിക്കലും തുടങ്ങിയവ) നടന്നുവരുന്നു. മൂന്നാം ഘട്ടത്തിൽ പുതുതായി 10 തദ്ദേശഭരണ സ്ഥാപനങ്ങളിൽ (തിരുവില്വാമല, പെരുമ്പളം, ഏലപ്പാറ, വട്ടവട, കാവാലം, കുടരഞ്ഞി, ചേലേമ്പ്ര, ചാലിയാർ, തലക്കുളത്തൂർ, കുവപ്പടി) പെപ്പർ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രവർത്തനങ്ങൾ ഇടയ്ക്കുവച്ച് നിർത്തിവയ്ക്കേണ്ടിവന്നു. ഒന്നാം ഘട്ടത്തിൽ പെപ്പർ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച വൈക്കം, രണ്ടാം ഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച പൊന്നാനി എന്നീ പ്രദേശങ്ങൾ പെപ്പർ പദ്ധതി പ്രവർത്തനങ്ങളിലൂടെ ടൂറിസം കേന്ദ്രങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പെപ്പർ പദ്ധതിയുടെ ഭാഗമായി "വൈക്കം ചുമർ ചിത്ര നഗരി" എന്ന പദ്ധതി നടപ്പിലാക്കുവാനും അതിനായി ആദ്യഘട്ടത്തിൽ വൈക്കം സത്യാഗ്രഹ സ്മാരക

മതിൽ, പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് മതിൽ എന്നിവിടങ്ങളിൽ മ്യൂറൽ ചിത്രങ്ങൾ വരയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പെപ്പർ പദ്ധതിയിലൂടെ ഉയർന്നു വന്ന പുന്നയൂർക്കുളം പഞ്ചായത്തിൽ പെപ്പർ പദ്ധതിക്കൊപ്പം കേന്ദ്ര സർക്കാരിന്റെ ശ്യാമപ്രസാദ് മുഖർജി നാഷണൽ റർബൻ മിഷൻ (SPMNRM) പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങളും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപ പഞ്ചായത്ത് ആർ.ടി. മിഷന് കൈമാറിയിട്ടുണ്ട്. പുന്നയൂർക്കുളം എക്സ്പീരിയൻഷ്യൽ ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനുള്ള പ്രൊമോഷണൽ വീഡിയോ ഇതിനോടകം തന്നെ പുറത്തിറങ്ങിയിട്ടുണ്ട്. പുന്നയൂർക്കുളത്തിനായുള്ള വെബ്സൈറ്റ് ലോഞ്ചിങ്ങിന് തയ്യാറായിട്ടുണ്ട്. പരിശീലനങ്ങൾ കോവിഡ് നിയന്ത്രണങ്ങൾ മാറിയാലുടൻ ആരംഭിക്കും.

(സി) പെപ്പർ പദ്ധതി കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പെപ്പർ പദ്ധതി ഘട്ടംഘട്ടമായി പുതിയ സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

വിനോദസഞ്ചാര മേഖലയിലെ പ്രത്യേക പദ്ധതികൾ

125 (874) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ . സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി ടൂറിസം രംഗത്തുള്ള നിക്ഷേപകർക്കും കേരള ബാങ്ക് വഴി തൊഴിലെടുക്കുന്നവർക്കുംവേണ്ടി ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതികളാണ് ഇതിൽ പ്രധാനം. ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly